## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3714 — 30.01.2014 ൽ മറുപടിയ്ക്ക്

### ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |

(എ) ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കസ്തൂരിരംഗൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ നടപ്പാക്കുമോ;

(സി) പശ്ചിമഘട്ടം സംരക്ഷിക്കുന്നതിന് യുക്തമായത് ഏത് റിപ്പോർട്ടാണെന്ന് സർക്കാർ വ്യക്തമാക്കുമോ;

(ഡി) പശ്ചിമഘട്ടം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ) ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ചിട്ടില്ല.

(ബി), (സി), & (ഡി) കസ്തൂരിരംഗൻ കമ്മീഷൻ റിപ്പോർട്ടിലെ ജനതാല്പര്യത്തിനെതിരായതും, ജനജീവിതത്തെ ബാധിക്കുന്നതുമായ ശുപാർശകൾ ഒഴിവാക്കി, യഥാർത്ഥ പശ്ചിമഘട്ടം സംരക്ഷിക്കുന്നതിനുള്ള നടപടികൾ നടപ്പാക്കുന്നതിനാണ് സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നത്.

കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉമ്മൻ.വി. ഉമ്മൻ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ജനാഭിപ്രായം ആരാഞ്ഞശേഷം ഇതു സംബന്ധിച്ച അന്തിമ തീരുമാനം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കും. ഇതിനോടകം പ്രാദേശിക തലത്തിൽ രൂപീകരിച്ച കമ്മിറ്റികളുടെ അഭിപ്രായം കളക്ടർമാർ മുഖേന ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ